ഇലക്ട്രിസിറ്റി ആക്ട് 2003-ം സംസ്ഥാനത്തിന്റെ ആശങ്കയും

12 [1909] ശ്രീമതി ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2003-ലെ ഇലക്ട്രിസിറ്റി ആക്ടിലെ ഏതെല്ലാം വ്യവസ്ഥകൾ സംസ്ഥാനത്തെ ഏതെല്ലാം മേഖലകളെ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ആക്ട് നിലവിൽ വരുന്നതിന് മുമ്പായി പ്രസ്തുത ബില്ലിലെ ഏതെങ്കിലും വ്യവസ്ഥകളിൽ സംസ്ഥാന ഗവൺമെന്റിനുള്ള ആശങ്ക കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുകയുണ്ടായോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) കേന്ദ്ര ഗവൺമെന്റ് പാസാക്കിയ ഇലക്ട്രിസിറ്റി ആക്ട് 2003-ന് എതിരെ സംസ്ഥാന ഗവൺമെന്റ് എന്തെങ്കിലും എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ടോ ;

(ഡി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട പാർലമെന്ററി കമ്മിറ്റി മുമ്പാകെ സംസ്ഥാന സർക്കാരിന്റെ ആശങ്ക അറിയിച്ചിരുന്നു.

(സി, ഡി) സംസ്ഥാന വിദ്യുച്ഛക്തി ബോർഡിനെ ട്രാൻസ്മിഷൻ യൂട്ടിലിറ്റി യായും ലൈസൻസി ആയും ഒരു വർഷത്തേക്ക് കൂടി നിലനിർത്തുന്നതിന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും കേന്ദ്രത്തിന്റെ അനുമതിയോടെ അപ്രകാരം ഉത്തരവാകുകയും ചെയ്തിട്ടുണ്ട്.

എൻ. ടി. പി. സി. അമിതമായി ഈടാക്കിയ തുക തിരിച്ചു വാങ്ങൽ

13 [1910] ശ്രീ. വി. കെ. സി. മമ്മത്കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാരിന്റെ കാലയളവിൽ താപവൈദ്യുതി വിൽപന നടത്തിയ ഇനത്തിൽ എത്ര കോടി രൂപ എൻ. ടി. പി. സി. അധികമായി ഈടാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ബോർഡ് പ്രസ്തുത തുക തിരിച്ചുവാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) അമിതമായ എൻ. ടി. പി. സി. ബില്ലുകൾക്ക് എതിരായി ബഹുമാനപ്പെട്ട കോടതിയെ സമീപിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ;

(ഡി) അമിതമായി ഈടാക്കിയ തുക എപ്രകാരം തിരിച്ചു വാങ്ങാനാകുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) എൻ. ടി. പി. സി. യിൽ നിന്നും 74.65 കോടി രൂപ തിരിച്ചു ലഭിക്കാനുണ്ട്. തുകയുടെ വിശദാംശം താഴെ കൊടുത്തിരിക്കുന്നു.

		രൂപ കോടിയിൽ		
നിലയം	കാലയളവ്	ലഭിക്കേണ്ട തുക	ലഭിച്ച തുക	ബാക്കി
കായംകുളം	1/1999 3/2004	197.65	141.63	56.02
താമരശ്ശേരി	4/2001 3/2004	17.35	9.66	7.69
ഈസ്റ്റേൺ റിജിയൻ	4/2001 3/2004	32.99	22.05	10.94
			ആകെ	74.65

(ബി) ഉണ്ട്.

(സി, ഡി) ബാക്കി തിരിച്ചു ലഭിക്കേണ്ട തുകയായ 74.65 കോടി രൂപയും തിരിച്ചു നൽകാമെന്ന് എൻ. ടി. പി. സി. സമ്മതിച്ചിട്ടുണ്ട്. അപ്രകാരം തുക തിരിച്ചു ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്നു. എൻ. ടി പി. സി. യുടെ നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി ബില്ലുകളിൽ തട്ടിക്കിഴിക്കാനാണ് ധാരണയായിട്ടുള്ളത്.

വൈദ്യുത പോസ്റ്റുകൾ മാറ്റാനുള്ള എസ്റ്റിമേറ്റുകൾക്ക് ടെൻഡർ നൽകാൻ നടപടി

14 [1911] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് വികസന പ്രവർത്തനങ്ങളുടെ ഭാഗമായി വൈദ്യുത പോസ്റ്റുകൾ; ട്രാൻസ്ഫോമറുകൾ, സ്റ്റേ കമ്പികൾ എന്നിവ മാറ്റി സ്ഥാപിക്കുന്നതിന് ഇപ്പോൾ അവലംബിക്കുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ:

(ബി) ഓരോ ഇനത്തിലും വൈദ്യുതി ബോർഡ് യാഥാക്രമം ഈടാക്കുന്ന തുക എത്രയാണ്;

(സി) നഗരത്തിലെ പ്രധാന പി. ഡബ്ലിയു. ഡി. റോഡുകളിലെ നിർമ്മാണ പ്രവർത്തനങ്ങൾ വൈദ്യുതി പോസ്റ്റ് മാറ്റാത്തതുകൊണ്ട് മാസങ്ങളോളം വൈകുന്നത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly